## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5080 27.06.2019-ൽ മറുപടിക്കുണ്ടായിരുന്നത്

### യൂണിവേഴ്സിറ്റി കോളേജിൽ വിദ്യാർത്ഥിനി ആത്മഹത്യക്ക് ശ്രമിച്ച സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് കാമ്പസിൽ ആത്മഹത്യക്ക് ശ്രമിച്ച വിദ്യാർത്ഥിനിയുടെ ആത്മഹത്യാക്കുറിപ്പിൽ സൂചിപ്പിച്ചിട്ടുള്ള വിദ്യാർത്ഥി നേതാക്കൾക്കെതിരെ ആത്മഹത്യാ പ്രേരണക്കുറ്റം ചുമത്തി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണ് എന്ന് വ്യക്തമാക്കാമോ; | (എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് കാമ്പസിൽ വിദ്യാർത്ഥിനി ആത്മഹത്യയ്ക്ക് ശ്രമിച്ചതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നം.879/19 U/s 309 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ തുടരന്വേഷണത്തിൽ റാഗിംഗ് നിരോധന നിയമം അനുസരിച്ചോ മറ്റേതെങ്കിലും നിയമങ്ങളനുസരിച്ചോ ഉള്ള നടപടികൾ സാധ്യമാകുമോ എന്നും, അല്ലെങ്കിൽ പ്രസ്തുത സംഗതികൾക്ക് പ്രത്യേകം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തേണ്ട ആവശ്യമുണ്ടോ എന്ന് നിയമോപദേശം നൽകുന്നതിനായി ഈ കേസിന്റെ സി.ഡി ഫയൽ സഹിതം തിരുവനന്തപുരം പബ്ലിക് പ്രോസിക്യൂട്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിയമോപദേശം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (ബി) ഈ കേസിൽ പെൺകുട്ടിയുടെ ബന്ധുക്കളെ സ്വാധീനിച്ച് മൊഴി മാറ്റിക്കുവാനുള്ള ശ്രമങ്ങൾ നടന്നതായുള്ള ആരോപണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ്; | (ബി) പെൺകുട്ടിയുടെ ബന്ധുക്കളെ സ്വാധീനിച്ച് മൊഴി മാറ്റിക്കുവാനുള്ള ശ്രമങ്ങൾ നടന്നതായുള്ള ആരോപണം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (സി) യൂണിവേഴ്സിറ്റി കോളേജിൽ വിദ്യാർത്ഥി സംഘടനയുടെ നേതൃത്വത്തിൽ നടക്കുന്ന പീഡനങ്ങളെക്കുറിച്ച് സമഗ്രമായി അന്വേഷിക്കുന്നതിനും, കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ? | (സി) ഏതു വിദ്യാഭ്യാസ സ്ഥാപനത്തിലും നടക്കുന്ന അക്രമസംഭവങ്ങൾക്ക് ഉത്തരവാദിയായവർക്കെതിരെ നിയമ നടപടി സ്വീകരിക്കുക എന്നതാണ് സർക്കാർ നയം. ആയതു പ്രകാരമുള്ള നടപടികൾ ഈ സംഭവത്തിലും സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും വിദ്യാർത്ഥി സംഘടനയുടെ നേതൃത്വത്തിൽ യൂണിവേഴ്സിറ്റി കോളേജിൽ ആക്രമണം നടക്കുന്ന എന്ന തരത്തിലുള്ള വിലയിരുത്തൽ സർക്കാർ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ